# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.224/PR/PIC/PHQ/18 Date 01.09.2018

**സേനാവിഭാഗങ്ങളുടേത് പ്രശംസനീയവും മാതൃകാപരവുമായ പ്രവർത്തനം – മുഖ്യമന്ത്രി**

പ്രളയത്തെ നേരിടുന്നതിൽ പോലീസും ഫയർഫോഴ്സ്, ജയിൽവകുപ്പ്, മോട്ടോർ വാഹനവകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ് തുടങ്ങിയ മറ്റു സേനാവിഭാഗങ്ങളും കാണിച്ച ശുഷ്കാന്തിയും സേവനസന്നദ്ധതയും പാടവവും അങ്ങേയറ്റം പ്രശംസനീയവും മാതൃകാപരവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രളയക്കെടുതി നേരിടുന്നതിൽ സ്തുത്യർഹമായ പങ്ക് വഹിക്കുകയും മാതൃകാപരമായി പ്രവർത്തിക്കുകയും ചെയ്ത, സംസ്ഥാന സർക്കാരിന്റെ വിവിധ സേനാവിഭാഗങ്ങളെ സർക്കാർ അനുമോദിക്കുന്നിതിന്റെ ഭാഗമായി തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിൽ നടന്ന സംയുക്ത പരേഡിൽ അഭിവാദ്യം സ്വീകരിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദുരന്തമുഖത്ത് ആദ്യം ഓടിയെത്തുകയും പിന്നീടുവന്ന വിവിധ വിഭാഗങ്ങളെയെല്ലാം ഏകോപിപ്പിക്കുകയും ചെയ്തത് പോലീസുൾപ്പെടെയുള്ള സംസ്ഥാന സർക്കാരിന്റെ സേനാവിഭാഗങ്ങളായിരുന്നു. നമ്മുടെ സേനാവിഭാഗങ്ങളുടെ സേവന ചരിത്രത്തിൽതന്നെ ഏറ്റവും തിളക്കമാർന്ന ഒരേടായി അത് മാറുകയാണ് ഈ രക്ഷാപ്രവർത്തനം.

ദുരന്ത സമയത്ത് ദുരിത ബാധിത പ്രദേശങ്ങളിൽ പൊതുചുമതല കളക്ടർമാർക്കായിരുന്നെങ്കിലും രക്ഷാപ്രവർത്തനത്തിന്റെ ചുമതല പോലീസിനായിരുന്നു. ആ ചുമതല ഏറ്റവും മികച്ച രീതിയിൽ നിർവ്വഹിക്കാൻ പോലീസിന് കഴിഞ്ഞു. കമ്മ്യൂണിക്കേഷൻ ശൃംഖലകൾ തകരാറിലായപ്പോൾ വാർത്താവിനിമയം പുനഃസ്ഥാപിച്ചത് പോലീസിന്റെ സംവിധാനങ്ങൾ വഴിയാണ്. ഹെഡ്ക്വാർട്ടേഴ്സിലും ദുരിതബാധിത പ്രദേശങ്ങളിലുമായി ആരംഭിച്ച കൺട്രോൾ റൂമുകൾ രക്ഷാപ്രവർത്തനത്തിൽ ഏറെ ഉപകാരപ്രദമായി. രക്ഷാദൗത്യത്തിൽ നേരിട്ട് ഇടപെടുക മാത്രമല്ല, മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിലും പോലീസ് വലിയ പങ്കാണ് വഹിച്ചത്. അവരെ രക്ഷാപ്രവർത്തനത്തിൽ പങ്കെടുപ്പിക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ അത് പൂർണതോതിൽ വിജയിച്ചത് പോലീസിന്റെ പ്രവർത്തനം മൂലമാണ്. ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനവും മാതൃകാപരമായിരുന്നു. അവലോകന യോഗങ്ങളിൽ കൃത്യമായ വിവരം നൽകാൻ ഇന്റലിജൻസിനായി. അത് പ്ലാനിങ്ങിന് ഏറെ സഹായിച്ചു. കോസ്റ്റൽ പോലീസുൾപ്പെടെ പോലീസിന്റെ എല്ലാ വിഭാഗങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചു. ദുരിതാശ്വാസക്യാമ്പുകളുടെ സുരക്ഷ മികച്ചരീതിയിൽ കൈകാര്യം ചെയ്യാനും ഇക്കാലത്തെ ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും പോലീസിന് കഴിഞ്ഞു. വിവിധ ദിനങ്ങളിലായി നാല്പതിനായിരത്തോളം പോലീസുദ്യോഗസ്ഥർ രക്ഷാപ്രവർത്തനത്തിനിറങ്ങി. കോസ്റ്റൽപോലീസിന്റേതുൾപ്പെടെ 679 ബോട്ടുകൾ സംഘടിപ്പിച്ച് രംഗത്തിറക്കി. 2500ലേറെ വാഹനങ്ങളും ഉപയോഗിച്ചു.

ഇതുപോലെ തന്നെയാണ് മറ്റു സേനാവിഭാഗങ്ങളും. പോലീസിനെപ്പോലെ ഏറ്റവും ആദ്യം പ്രവർത്തനരംഗത്തിറങ്ങിയവരാണ് ഫയർഫോഴ്സും. നിർണായകമായിരുന്നു അവരുടെ സേവന

വും. പ്രത്യേകിച്ചും ഉരുൾപൊട്ടൽ മേഖലകളിൽ. ഫയർഫോഴ്സിനൊപ്പം കമ്യൂണിറ്റി റസ്ക്യൂ വോളന്റി യർമാരും രംഗത്തിറങ്ങി. ഈ സന്നദ്ധ സംഘത്തിന്റെ എണ്ണം വർധിപ്പിക്കാൻ തുടർന്ന് നടപടിയുണ്ടാ കണം. നിരവധി വാഹനങ്ങളും രക്ഷാ ഉപകരണങ്ങളും അവർ സംഘടിപ്പിച്ചു.

മോട്ടോർവാഹന വകുപ്പും മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 8000 ത്തോളം വാഹനങ്ങൾ രംഗത്തിറക്കാൻ അവരുടെ പ്രവർത്തനം വഴി കഴി ഞ്ഞു. കുട്ടനാട്ടിൽ നിന്നൊക്കെ ആളുകളെ ഒഴിപ്പിക്കാൻ വലിയതോതിൽ സഹായിച്ച് ഈ ദുരന്തകാ ലത്ത് താരമായിത്തീർന്ന വാഹനങ്ങളാണ് ടോറസും ടിപ്പറുമെല്ലാം. ഇവ സംഘടിപ്പിക്കുന്നതിലും ഗതാ ഗതവകുപ്പ് നല്ല പങ്കുവഹിച്ചു. ഏക്സൈസ് വകുപ്പും പരമാവധി സേനാംഗങ്ങളെ രംഗത്തിറക്കി രക്ഷാ പ്രവർത്തനം നടത്തി. നിരവധി വാഹനങ്ങളും അവർ വിട്ടുനല്കി. ഈ സമയത്ത് മദ്യശാലകളെ നിയ ന്ത്രിക്കന്നതിലും നല്ല ശ്രദ്ധചെലുത്തി.

മഴയിലും ഉരുൾപൊട്ടലിലുമൊക്കെ ഒറ്റപ്പെട്ടുപോയ ആദിവാസിമേഖലകളിലെ പാവപ്പെട്ട മനു ഷ്യരുടെ രക്ഷകരായെത്തിയത് മുഖ്യമായും വനംവകുപ്പുദ്യോഗസ്ഥരായിരുന്നു. ആദിവാസി ഊരിൽ നിന്നു ലഭിച്ച കൈക്കുഞ്ഞിനെ താലോലിക്കുന്ന ഒരു വനിതാ വനപാലകയുടെ സോഷ്യൽ മീഡിയയി ലൊക്കെ വൈറലായ ഫോട്ടോ ആ സേവനത്തിന്റെ നേർചിത്രം നല്കുന്ന ഒന്നാണ്.

സാധാരണ ഇത്തരമൊരു ദുരന്തഘട്ടത്തിൽ ജയിൽ ഈ വകുപ്പിന് മുഖ്യമായ റോളുണ്ട് എന്ന് ജയിൽ ജീവനക്കാർ തെളിയിച്ചു. ദുരന്തമേഖലകളിൽ രക്ഷാപ്രവർത്തകർക്കുൾപ്പെടെ ശരാശരി ഒരു ദിവസം ഒരു ലക്ഷത്തിലേറെ ചപ്പാത്തിയും ആവശ്യക്കാർക്ക് കഞ്ഞിയും മറ്റു ഭക്ഷ്യവസ്തുക്കളും, ഒപ്പം, തുണിത്തരങ്ങളുമൊക്കെ നല്കാനും രക്ഷാപ്രവർത്തനത്തിൽ പങ്കുവഹിക്കാനും ജയിൽവകുപ്പിനായി.

സേനാവിഭാഗങ്ങളിലെ ഉദ്യോഗസ്ഥരിൽ പലരും പലപ്പോഴും ജീവൻ പണയംവച്ചാണ് പ്രവർത്തി ച്ചത്. സ്വന്തം വീടുകൾ വെള്ളത്തിലാവുകയോ കുടുംബാംഗങ്ങൾ അപകടത്തിലാവുകയോ ഒക്കെ ചെയ്തിട്ടും മറ്റൊരിടത്ത് രക്ഷാപ്രവർത്തനം തുടർന്ന നിരവധി ഉദ്യോഗസ്ഥരുടെ അനുഭവവും പലരും സൂചിപ്പിച്ചിട്ടുണ്ട്.

ഇപ്രകാരം, ദുരന്തം നേരിടുന്നതിന് സന്ദർഭത്തിനൊത്തുയർന്ന് നിങ്ങൾ നടത്തിയ ഈ മഹാ പ്രവർത്തനം നാടിനാകെ മാതൃകയാണ്. പോലീസിനെക്കുറിച്ചുള്ള ധാരണയിലും വലിയ മാറ്റമാണ് ഇതു വരുത്തിയിരിക്കുന്നത്. ഇത് പോലീസ് സേനയുൾപ്പെടെ നമ്മുടെ സേനാവിഭാഗങ്ങളുടെയെല്ലാം അന്തസ്സ് ഉയർത്തിയിരിക്കുന്നു.

തുടർന്ന് പുനരധിവാസത്തിലും സേനകൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. ദുരന്തബാധിതരായ കുട്ടികൾക്കായി യൂണിസെഫ് സഹായത്തോടെ പോലീസ് ആരംഭിക്കുന്ന പ്രോജക്ട് ഹോപ് പോലുള്ള പരിപാടികൾ ഇതിന്റെ ഭാഗമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളാ പോലീസ്, അഗ്നിരക്ഷാസേന, വനം-വന്യജീവി വകുപ്പ്, എക്സൈസ് വകുപ്പ്, ജയിൽ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എന്നീ യൂണിഫോം സേനാ വിഭാഗങ്ങൾക്കുവേണ്ടി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് മേധാവി എ. ഹേമ ചന്ദ്രൻ, വനം വന്യജീവി വകുപ്പ് മേധാവി പി.കെ. കേശവൻ , എക്സൈസ് വകുപ്പ് മേധാവി ഋഷിരാജ് സിംഗ്, ജയിൽ മേധാവി ആർ. ശ്രീലേഖ , മോട്ടോർ വാഹന വകുപ്പ് മേധാവി കെ. പത്മകുമാർ എന്നി വർ മുഖ്യമന്ത്രിയിൽ നിന്ന് ഉപഹാരം ഏറ്റുവാങ്ങി.

ദുരിതാശ്വാസവേളകളിൽ ഉപയോഗിക്കുന്നതിന് സൗജന്യമായി നല്കിയ ഇസുസു വാഹന ങ്ങളുടെ ഫ്ളാഗ് ഓഫും മുഖ്യമന്ത്രി നിർവഹിച്ചു.

ചീഫ് സെക്രട്ടറി ടോം ജോസ് സ്വാഗതമാശംസിച്ചു. വനം - വന്യജീവി വകുപ്പുമന്ത്രി കെ. രാജു, ശശി തരൂർ എം.പി. കെ. മുരളീധരൻ എം.എൽ.എ, മേയർ വി.കെ. പ്രശാന്ത് തുടങ്ങിയവരും വിവിധ സേനകളിലെ ഉന്നത ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.